മലയാള മനോരമ
18 November 2016

# അക്കാദമിക് ഗവേഷണ വിജ്ഞാന വ്യാപന മേഖലകളിൽ സഹകരണം

## കുഫോസ്, സിഎംഎഫ്ആർഐ, സിഐഎഫ്ടി എന്നിവ ധാരണാ പത്രം ഒപ്പിട്ടു

പനങ്ങാട് • അക്കാദമിക്, ഗവേഷണ, വിജ്ഞാന വ്യാപന മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിന് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി) എന്നിവ ധാരണാപത്രം ഒപ്പിട്ടു. മറൈൻ ഫിഷറീസ്, മാരികൾച്ചർ, മറൈൻ ബയോടെക്നോളജി, കാലാവസ്ഥാ വ്യതിയാനം, സോഷ്യൽ സയൻസ്, വിജ്ഞാന വ്യാപനം തുടങ്ങിയ മേഖലകളിലാണ് സിഎംഎഫ്ആർഐയുമായി കുഫോസ് സഹകരിക്കുക. ഫിഷറീസ്, മത്സ്യ സംസ്കരണം, മത്സ്യ വിളവെടുപ്പ്, മത്സ്യഗുണമേൻമ, മത്സ്യരോഗങ്ങൾ തുടങ്ങിയ മേഖലകളിൽ സിഐഎഫ്ടിയുമായും സഹകരിക്കും. കുഫോസിൽ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. ഫയലുകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ ഉതകുന്ന സമ്പൂർണ ഓഫിസ് ഓട്ടമേഷൻ പദ്ധതിയും ഉദ്ഘാടനം ചെയ്തു. കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. പ്രോ വൈസ് ചാൻസലർ ഡോ. കെ. പത്മകുമാർ, റജിസ്ട്രാർ ഡോ. വി.എം. വിക്ടർ ജോർജ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സിഐഎഫ്ടി ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, എം. സ്വരാജ് എംഎൽഎ, ഷെർളി ജോർജ് എന്നിവർ പ്രസംഗിച്ചു.